ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ചെങ്ങന്നൂരിൽ കൌപ്പൻ സിസ്റ്റം ഏർപ്പെടുത്തുവാൻ ദയവുണ്ടാകുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനെപ്പറ്റി ആലോചിക്കാം.

ശ്രീ. ഏ. അച്യുതൻ: ഇപ്പോൾ ട്രാൻസ്പോർട്ടിൽനിന്ന് ലൈൻ നടത്തുന്ന എല്ലാ സ്ഥലങ്ങളിലും അവരുടെ ലൈൻ സമയം കഴിയുന്ന അവസരത്തിൽ പ്രൈവറ്റ് ഏജൻസിക്കാർക്ക് സർവ്വീസ് അനുവദിക്കുവാൻ ആലോചനയുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: തിരുവനന്തപുരത്തു് ട്രാൻസ്പോർട്ട് സർവ്വീസ് സമയം കഴിഞ്ഞതിനു ശേഷം രാത്രിയിൽ സിനിമ കഴിഞ്ഞു വരുന്നവരുടെ സൌകര്യത്തിനുവേണ്ടി ആക്കോ സർവ്വീസ് നടത്തുവാൻ അനുവാദം കൊടുത്തിട്ടുണ്ടെന്നു് അറിഞ്ഞു. എന്നാൽ അതിനെപ്പറ്റി ഗവൺമെൻറ് ആലോചിച്ചുവരികയാണു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഇപ്പോൾ ട്രാൻസ്പോർട്ടിൽനിന്നു സർവ്വീസ് നടത്തുന്നതായ ഏതെങ്കിലും സ്ഥലങ്ങളിൽനിന്നു് സർവ്വീസ് പിൻവലിക്കുന്നതിനു് ആലോചനയുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല.

Sri. P. Balakrishnan Tampi: Is the Government aware that the buses plying after the cinema hours satisfy the real need of the people of the City?

ശ്രീ. ടി. കെ. നാരായണപിള്ള: എന്നാണു് ഗവൺമെൻറിനുള്ള അറിവു്.

ശ്രീ. ഏ. കെ. പാച്ചുപിള്ള: കോളേജുകളിലും സ്കൂളുകളിലും പോകുന്ന കുട്ടികളുടെ സൌകര്യാർത്ഥം ആവക സ്ഥലങ്ങളിൽ കൂടുതൽ ബസ്സു് ഇടുന്നതിനു് ഏർപ്പാടു് ചെയ്യിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇപ്പോൾ തന്നെ ഏർപ്പാടു് ചെയ്യിട്ടുണ്ടു്. അടുത്ത കൊല്ലം മുതൽ ആ വക ലൈൻകളിൽ കൂടുതൽ ബസ്സുകൾ ഏർപ്പെടുത്തണമെന്നു് വിചാരിക്കുന്നുണ്ടു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ചെങ്ങന്നൂരിൽ ഒരു സർവ്വീസു് ഏർപ്പെടുത്തുവാൻ ആലോചനയുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനെപ്പറ്റി ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

ശ്രീ. വി. ഏ. അബ്ദുൽ അസ്സീസ്സ്: ട്രൻസ്പോർട്ട് ലൈനിൽ സിനിമ കഴിഞ്ഞു വരുന്നവരെ ഉദ്ദേശിച്ചു് ബസ്സ് ലൈൻ അനുവദിച്ചിരിക്കുന്നതുപോലെ എല്ലാ ട്രാൻസ്പോർട്ടലൈനുകളിലും അവരുടെ ലൈൻസമയം നിറുത്തിക്കഴിഞ്ഞാൽ പ്രൈവറ്റ് ബസ്സുകൾക്കു് സർവ്വീസ് അനുവദിക്കുന്നതിനെപ്പറ്റി ഗവൺമെൻറിൻെറ നയം എന്താണു്?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെയുള്ള ഒരു കാര്യംതന്നെ ഇപ്പോൾ ഗവൺമെൻറ് ആലോചിക്കുന്നില്ല.

ടാറാ ഓയിൽ മിൽ

*൧൨൭൦ (൯) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വ്യവസായ വകുപ്പു മന്ത്രി ദയവു മറുപടി നൽകുമോ.—

LIBRARY ARCHIVES Kerala Legislative Assembly

(എ) ഷോപ്പ്സ് ആൻഡ് എസ്റ്റാബ്ലിഷ്മെൻഡ് ആക്ടിന്റെ പരിധിയിൽനിന്നു സംസ്ഥാനത്തെ 'ടാറർ' ഓയിൽ മിൽ സെയിൽസ് ആഫീസുകളെ ഒഴിവാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കാരണമെന്താണ്?

വിദ്യാഭ്യാസവും, തൊഴിലും, ക്ഷേമവും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഷോപ്പ്സ് ആൻഡ് എസ്റ്റാബ്ലിഷുമെൻഡ് ആക്ടിലെ നാലാമത്തെ അദ്ധ്യായത്തിൽനിന്നും (ശമ്പളത്തോടുകൂടിയ അവധി) ഒഴിവാക്കിയിട്ടുണ്ട്.

(ബി) കമ്പനിയിൽ നിലവിലിരിക്കുന്ന ശമ്പളത്തോടുകൂടിയ അവധി നിയമത്തിലുള്ളവയെക്കാൾ ജോലിക്കാർക്ക് കൂടുതൽ ക്ഷേമകരമായിട്ടുള്ളതുകൊണ്ട് ആ അദ്ധ്യായത്തിൽ നിന്നും ഒഴിവാക്കി.

ശ്രീ. വി. ഗംഗാധരൻനായർ: ഈ ആക്ട് ഇപ്പോൾ നടപ്പിലുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: നടപ്പിലുണ്ട്.

സഞ്ചാരച്ചെലവ്

*൧൨൩ (൩) †ശ്രീമതി ദേവകി ഗോപിദാസ്: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

൧൯൪൭-൪൮-ൽ തിരുവിതാംകൂർ–കൊച്ചി സ്റ്റേറ്റിൽ ഓരോ മന്ത്രിയും സഞ്ചാരത്തിനായി ചെലവുചെയ്തിട്ടുള്ള സംഖ്യ എന്താണ്?

ധനകാര്യവും, റവന്യൂവും, നിയമവും വകുപ്പുമന്ത്രി ശ്രീ. എ. ജെ. ജോൺ:

		രൂ.	ണ.	സ.
ശ്രീ.	ടി. കെ. നാരായണപിള്ള	൩,൪൫൦	൫	൦
,,	എ. ജെ. ജോൺ	൨,൩൭൨	൧൨	൦
,,	പി. ഗോവിന്ദമേനോൻ	൧൦,൩൪൫	൧൪	൦
,,	എൻ. കുഞ്ഞുരാമൻ	൧,൪൪൭	൦	൦
,,	ഇ. ജോൺ ഫിലിപ്പോസ്	൩,൩൫൩	൪	൦

ശ്രീ. എ. കെ. പാച്ചുപിള്ള: ഒരു മന്ത്രിക്കു മാത്രം മറ്റുള്ളമന്ത്രിമാരുടെ സഞ്ചാരച്ചെലവിനേക്കാൾ മൂന്നിരട്ടി ചെലവാകുവാൻ കാരണമെന്താണ്?

ശ്രീ. എ. ജെ. ജോൺ: പല പ്രാവശ്യവും ഡൽഹിയിൽ പോയതുകൊണ്ടായിരിക്കാം കൂടുതൽ ചെലവു വന്നത്.

ശ്രീ. കെ. പി. നീലകണ്ഠപിള്ള: ഇതു തിരുവിതാംകൂർ–കൊച്ചി രാജ്യത്തിനകത്തു സഞ്ചരിച്ചതിനു വേണ്ടി വന്ന തുകയല്ലേ? ഡൽഹിയിൽ പോയതല്ലല്ലോ?

ശ്രീ. എ. ജെ. ജോൺ: ഡൽഹിയിൽ പോയതും ഈ രാജ്യത്തുതന്നെ സഞ്ചരിച്ചതും എല്ലാം ഇതിൽ പെട്ടിട്ടുണ്ട്.

ശ്രീ. മന്നാർ ഗോപാലൻ നായർ: മന്ത്രിമാരുടെ സഞ്ചാരച്ചിലവിനെ ഓഫർ ചെയ്തിൽനിന്നു അനുവദിക്കുന്ന സംഖ്യ ഇത്രയെന്നു ക്ലിപ്തമില്ലേ?

ശ്രീ. എ. ജെ. ജോൺ: ൧൫ രൂപ മന്ത്രിമാരുടെ സഞ്ചാരച്ചിലവിനു നിശ്ചയിച്ചിരിക്കുന്നതു തിരുവിതാംകൂർ–കൊച്ചിരാജ്യത്തിനകത്തു അവർ സഞ്ചരിക്കുന്നതിന്റെ പ്രാരംഭച്ചെലവിലേയ്ക്കാണ്.

†This question was put by Sri. Sabastian Thoppil, with the permission of Mr. Speaker.

LIBRARY ARCHIVES Kerala Legislative Assembly